# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4191 20.03.2018-ൽ മറുപടിയ്ക്ക്.

## ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 14-ൽ ഡ്രെയിനേജ് സൗകര്യം ഒരുക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച 25 ലക്ഷം രൂപയുടെയും, കൊടന്താർ - മേല്പാടം റോഡിന്റെ നിർമ്മാണത്തിനായി അനുവദിച്ച 50 ലക്ഷം രൂപയുടെയും പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ൽ ഡ്രെയ്നേജ് സൗകര്യം ഒരുക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച 25 ലക്ഷം രൂപയുടെ ഭരണാനുമതി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന അല്ലായിരുന്നു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ലഭിച്ച റിപ്പോർട്ട് പ്രകാരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം വഴി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്കാണ് ഭരണാനുമതി നൽകിയിരുന്നത്. ടി പ്രവൃത്തി 20 ലക്ഷം രൂപയ്ക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്.<br>കൊട്ടന്താർ മേൽപ്പാടം റോഡ് നിർമ്മാണത്തിന് ഈ വകുപ്പ് ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം |

| | | | |
|---|---|---|---|
| | | | പ്രവൃത്തി ചെയ്യുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. അപ്രകാരം 50 ലക്ഷം രൂപയുടെ അലോട്ട്മെന്റ് 15.07.2016 ൽ ട്രഷറിയിൽ പാസാക്കി പൊതുമരാമത്ത് നിരത്ത് വിഭാഗം ആലപ്പുഴയ്ക്ക് ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി രണ്ട് തവണ ടെണ്ടർ ചെയ്തിട്ടും ആരും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. ബഹു. എം.എൽ.എയുടെ നിർദ്ദേശ പ്രകാരം ആലപ്പുഴ കളക്ടേറ്റിൽ വച്ച് കൂടിയ യോഗത്തിൽ ഈ എസ്റ്റിമേറ്റ് പരിഷ്കരിച്ച് വീണ്ടും ചെയ്യാൻ നിർദ്ദേശിക്കുകയുണ്ടായി. പരിഷ്കരിച്ച് എസ്റ്റിമേറ്റ് വീണ്ടും ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുത്തിട്ടില്ല. ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗം നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** | ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | **(ബി)** | പലപ്രാവശ്യം പൊതുമരാമത്ത് നിരത്ത് വിഭാഗം ടെണ്ടർ ചെയ്തിട്ടും കൊടുന്താർ മേൽപ്പാടം റോഡിന്റെ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ജനപ്രതിനിധികളുമായി ആലോചിച്ച് പുതുക്കിയ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി ആലോചിച്ചു വരുന്നു. പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത പ്രവൃത്തി, ഈ റോഡിന്റെ അനുബന്ധ റോഡിൽ നിർമ്മാണം നടന്നതിന് ശേഷം 50 ലക്ഷം രൂപയുടെ ആസ്തി വികസന പദ്ധതി പരിഷ്കരിക്കുമെന്നും തന്മൂലമാണ് കാലതാമസം നേരിടുന്നത് എന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ